**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4060

24.06.2019 ലെ മറുപടിയ്ക്ക്.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവിഭാഗക്കാർക്കുള്ള പദ്ധതികൾ

**ചോദ്യം**
**ശ്രീ. പി.വി. അൻവർ**

**ഉത്തരം**
**എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വീടിനോടുചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് നിലമ്പൂർ നിയോജകമണ്ഡലത്തിലെ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം നിലമ്പൂർ നിയോജക മണ്ഡലത്തിൽ 33 പേർക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>കാളികാവ് ബ്ലോക്ക് പഞ്ചായത്ത് - 12<br>നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് - 21<br>**ആകെ** - 33 |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ മാനദണ്ഡം പുനർനിശ്ചയിച്ച് കൂടുതൽ കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തയ്യാറാവുമോ;വിശദമാക്കാമോ; | (ബി) | 01.03.2019 ൽ സ.ഉ.(സാധാ) നം. 233/2019/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം മുപ്പതിലധികം പട്ടികജാതി കുടുംബങ്ങളുള്ള പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ ആയത് പ്രകാരം കോളനികളെ തെരഞ്ഞെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിലെ കോരൻകുന്ന് പട്ടികജാതി കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ടി കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ജില്ലാ പട്ടിക വികസന ഓഫീസറുടെ ശിപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ